Mr. Puthur Achyuta Menon *(Kattur):* Was not the necessity felt in last summer?

Mr. V. K. Aravindaksha Menon *(Chief Engineer):* It was not felt in last summer.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ലൂസ് രണ്ടടി ഉയർത്താൻ വലിയ വിഷമമുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer):* All these *chiras* have surplus sluices to control the outflow of water which can be stored in the *chira.*

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊറങ്കോട്ട് വളവു ചിറയെ സംബന്ധിച്ചിടത്തോളം എങ്ങിനെയാണ്?

Mr. V. K. Aravindaksha Menon *(Chief Engineer):* The Nandi sluice has to be dismantled. It is even now in an unsafe condition. In the Karuvannur and Illikkal *chiras,* it is not possible to increase the level of the sluices without restriction. The Kottenkottu sluice also is not in a satisfactory condition.

മിസ്റ്റർ പുത്തൂർ. അച്യുതമേനോൻ: രണ്ടടികൂടി വെള്ളം നിർത്തണമെങ്കിൽ എന്തു ചിലവുവരും?

Mr. V. K. Aravindaksha Menon *(Chief Engineer):* I want notice.

NALLEPPALLI—INTRODUCTION OF ELECTRICITY IN

57. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സഭയെ മറുപടി പറയുമോ.—

(എ) ചിറ്റൂരിൽ നിന്നും നല്ലേപ്പിള്ളിക്ക് ഇലക്ട്രിസിറ്റി നടപ്പിൽ വരുത്തുവാൻ ഇക്കൊല്ലത്തിൽ സർവ്വെ നടത്തിട്ടുണ്ടോ;

(ബി) സർവ്വെ ചെയ്തതു് എത്രത്തോളം ആയി;

(സി) കണക്ഷൻ കൊടുപ്പാൻ എപ്പോൾ ഗവൺമെൻറിന്നു സാധിക്കും;

(ഡി) ഇപ്പോൾ സർവ്വെ റിപ്പോർട്ട് ഏതു നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ഫർഫർ-ൽ ഇതിനെപ്പറ്റി ഒരു സർവ്വെ നടത്തുകയുണ്ടായി.

(ബി) സർവ്വെചെയ്തു കഴിഞ്ഞു; പക്ഷെ ഡീറെയിൽഡ് എസ്റ്റിമെയ്റ് (detailed estimate) തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) എലക്ട്രിസിറ്റി നടപ്പിൽ വരുത്തുവാൻ വേണ്ടതായ സാമഗ്രികൾക്കു വില വളരെ കൂടിയിരിക്കുന്നതിനാൽ സ്കീം നീട്ടിവെച്ചിരിക്കയാണു്.

മിസ്റ്റർ എൻ. വി. സുബ്രഹ്മണ്യൻചെട്ടിയാർ : വില കുറവു വരുന്ന കാലത്തു് ഈ സ്കീം നടപ്പിൽ വരുത്താൻ സാധിക്കുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ആലോചിക്കാം.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : വില ഇപ്പോൾ എത്രമാത്രം വർദ്ധിച്ചിട്ടുണ്ടു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ ; ചില സാധനങ്ങൾക്കു വില ൦% വരെ കൂടീട്ടുണ്ടു്.

VIGILANCE COMMITTEE MEMBER, MULANTURUTHI—COMPLAINT AGAINST

58. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി തരുമോ.—

മുളന്തുരുത്തി വില്ലേജിൽ നിയമിക്കപ്പെട്ടിട്ടുള്ള വിജിലൻസ്സു് കമ്മിറ്റി മെമ്പർ സാധുക്കളായ അധഃകൃതരെ മൃഗീയമായ വിധത്തിൽ മർദ്ദിക്കുന്നതിനെപ്പറ്റി ക്ഷ മുതൽ ക്ഷ വരെ ഗവർമ്മെണ്ടിലേക്കു കിട്ടീട്ടുള്ള ഹർജികൾ എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: മുളന്തുരുത്തി വില്ലേജിൽ ക്ഷ-ൽ ക്ഷ മെമ്പർമാരും ഒരു പ്രസിഡണ്ടും ഉണ്ടായിരുന്നു. മെമ്പർമാരെ കുറച്ചു ഇപ്പോൾ ൪ ആക്കീട്ടുണ്ടു്. ഇതിൽ ആക്ഷേപം ഏതു മെമ്പരെപ്പറ്റിയാണെന്നു വ്യക്തമാക്കിയാലല്ലാതെ മറുപടി പറയുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ കെ. പി. വള്ളോൻ : മെമ്പർമാരിൽ ആരുടെയെങ്കിലും പേരിൽ ആക്ഷേപം കിട്ടീട്ടുണ്ടോ എന്നു പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ എം. നാരായണമേനോൻ : തേവൻ എന്ന ഒരാൾ അപ്പെറീഷൻ അയച്ചിട്ടുണ്ടു്. അതു് വക്കി എന്ന ഒരാളെ സംബന്ധിച്ചാണു്. ആ ആൾ വിജിലൻസ് കമ്മറിമെമ്പറല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർക്കു് ഈ വക്കിയെപ്പറ്റിയാണു് അറിയേണ്ടതെങ്കിൽ പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. പി. വള്ളോൻ : ഏതെങ്കിലും വിജിലൻസ് കമ്മിറ്റിമെമ്പരുടെ പേരിൽ ആക്ഷേപം കിട്ടീട്ടുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ എം. നാരായണമേനോൻ : മെമ്പർമാരുടെ പേരിൽ ആക്ഷേപങ്ങളൊന്നും കിട്ടീട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : നാട്ടിൻപുറങ്ങളിൽ വില്ലേജു വിജിലൻസ് കമ്മിറ്റിമെമ്പർമാരെക്കൊണ്ടു ഉപകാരമോ ഉപദ്രവമോ എന്നുള്ളതു പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly